# 'ഗുഡ' 'കനവി'ന്റെ ചലച്ചിത്ര ഭാഷ്യം

കെ. ബഷീർ



വയനാട് കനവ് കുട്ടികൾ ആടിപ്പാടുന്നു

ശൈശവമോ ബാല്യമോ യുവത്വമോ വാർദ്ധക്യമോ ഏതുഘട്ടത്തിലായാലും വ്യക്തിയുടെ കായികവും ബുദ്ധിപരവുമായ സ്വാതന്ത്ര്യത്തിന്റെ ആഘോഷമാണ് വിദ്യാഭ്യാസകാലം. ഈ പ്രക്രിയ നടത്താനുണ്ടാക്കിയ സ്കൂളുകൾ സ്വാഭാവികമായും നൈരന്തര്യ ഉത്സവകേന്ദ്രങ്ങളാവണം. ഒരു യഥാർത്ഥ സ്കൂളിൽ കുട്ടിക്ക് പഠനം ഒരാഘോഷവും പഠനവേഗത ഓപ്റ്റിമം ആയിരിക്കും. അത്തരം സ്കൂളുകൾ വിരളമാണെങ്കിലു വിരലിലെണ്ണാവുന്ന വളരെക്കുറച്ചെണ്ണം അനൗപചാരിക വിദ്യാലയങ്ങൾ നിലവിലുണ്ട്. അത്തരം ഒരു സ്കൂളിലെ കുട്ടികൾ പാഠ്യപദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഒരു വർഷം കൊണ്ട് അവിശ്വസനീയമായി നേടിയ വിജയത്തിന്റെയും ശേഷികളുടെയും സാക്ഷിപത്രവും ഉപോൽപ്പന്നവുമാണ് 'ഗുഡ' എന്ന ചെറു ചലച്ചിത്രം.

സാംസ്കാരിക കേരളത്തിൽ ഇതിനകം വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞ, വയനാട്ടിലെ നടവയലിലെ ചെറു അനൗപചാരിക വിദ്യാകേന്ദ്രമായ 'കനവിൽ' രൂപപ്പെടുത്തിയതാണീ ചിത്രം. കുട്ടികളുടെ സഹജമായ അന്വേഷണ തൃഷ്ണയും സർഗ്ഗാത്മകതയും കനവിന്റെ പാഠ്യപദ്ധതി പ്രവർത്തനങ്ങളിൽ ചലച്ചിത്രാസ്വാദനവും വിശകലനവും നിർമ്മാണവും ക്രമമായി സന്നിവേശിപ്പിക്കപ്പെട്ടു. സിനിമയുടെ വ്യത്യസ്ത സങ്കേതങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ചു വിശ്വോത്തര സിനിമകൾ ശ്രീ. ശരത് ചന്ദ്രന്റെ സഹായത്തോടെ പലതവണ കണ്ടു. വിവിധ സാങ്കേതിക വിദഗ്ധന്മാരുമായുള്ള സമ്പർക്കം, ക്ലാസ്സുകൾ, ചർച്ചകൾ മുതലായവയിലൂടെ കുട്ടികൾ കടന്നുപോയി. സിനിമാ നിർമ്മാണം, മനസ്സിൽ താലോലിക്കുന്ന സ്വപ്നമായി. തീം, സ്ക്രിപ്റ്റ്, അരങ്ങ്, അഭിനയം, സംവിധാനം, ഷൂട്ടിംഗ്, ക്യാമറക്കോണുകൾ, മേക്കപ്പ്, സംഗീതം, എഡിറ്റിംഗ്, മിക്സിംഗ് ഇങ്ങനെ ഓരോ ഘടകങ്ങളുടെയും ആഴങ്ങളിലേക്കിറങ്ങി. ഈ സന്ദർഭത്തിലാണ് ദൃശ്യമാധ്യമത്തിന്റെ അപാരസാദ്ധ്യതകൾ അന്വേഷിച്ചിറങ്ങിയ ഹബീബ് കനവിലെത്തുന്നത്, തന്റെ മനസ്സിലുള്ള സിനിമ ഇവിടെ നിന്നു തുടങ്ങാമെന്നദ്ദേഹം കരുതി. ശ്രീ. ബേബിയുമായി കത്തെഴുതി സംസാരിച്ചു. കനവിന്റെ പശ്ചാത്തലത്തിൽ ഒരു സിനിമ. പല കഥകളും ചർച്ച ചെയ്യപ്പെട്ടു. ഒടുവിൽ ബേബി നാടകമാക്കാനിരുന്ന ഗുഡ തെരഞ്ഞെടുത്തു. ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും അസാധാരണമായ സിനിമാ നിർമ്മാണമെന്ന ഈ വെല്ലുവിളി ആവേശപൂർവ്വം സ്വീകരിച്ചതിനാൽ, ഈ വർഷത്തെ കുട്ടികളുടെയും ബന്ധപ്പെട്ടവരുടെയും അശ്രാന്തപരിശ്രമങ്ങളുടെ ഒരു പരിസമാപ്തിയാണീ ചിത്രം.

അതി സൂക്ഷ്മങ്ങളായ സാങ്കേതിക വൈദഗ്ദ്യം ആവശ്യമായ സംവിധാനം, ഫോട്ടോഗ്രാഫി, എഡിറ്റിംഗ്, ഡബ്ബിംഗ്, സംഗീതം, മിക്സിംഗ് എന്നീ സങ്കേതങ്ങളിൽ വിരലിലെണ്ണാവുന്ന വിദഗ്ധരൊഴിച്ച് എല്ലാം കുട്ടികൾ തന്നെ പഠിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തു. മേൽ ചൊന്ന അതിവിദഗ്ധ ജോലികൾ പോലും വിദഗ്ധർക്ക് എളുപ്പവും അനായാസം തീർക്കാവുന്നതും ഫൈൻട്യൂണിംഗ് മാത്രം വേണ്ടി വന്ന നിലയിൽ ഒരുക്കികൊടുക്കുവാനും കുട്ടികൾക്ക് കഴിഞ്ഞു. അവസാന ഷെഡ്യൂളായപ്പോഴേക്കും ഷൂട്ടിംഗും എഡിറ്റിംഗും, ഡബ്ബിംഗും അവിശ്വസനീയമായ വേഗത്തിൽ തീർക്കാനായി.

## 'ഗുഡ' ഇതിവൃത്തം

വയനാട്ടിലെ ആദിവാസികളായ നായ്ക്ക വിഭാഗത്തിലെ ജൈന കുറുമരുടെ ഇടയിലുള്ള ഒരാചാരവും അവരുടെ ജീവിതാനുഭവങ്ങളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. പെൺകുട്ടികൾ ഋതുമതിയായാൽ തിരണ്ടുകല്യാണം ആഘോഷിക്കുന്നതുവരെ അവളെ താൽക്കാലികമായി നിർമ്മിച്ച ഒരു കുടിലിൽ പാർപ്പിക്കുന്നു. ഈ കുടിലിന്റെ പേരാണ് ഗുഡ. ഗുഡയിലിരിക്കുമ്പോൾ സ്വന്തം അച്ഛനടക്കമുള്ള പുരുഷന്മാരാരും പെണ്ണിനെ കാണാൻ പാടില്ല. ഗുഡയിലിരിക്കാൻ ഇഷ്ടപ്പെടാത്ത ലെച്ചു എന്ന സാക്ഷരതാ ക്ലാസ്സിൽ പഠിച്ച പെൺകുട്ടിയുടെ ഗുഡയിലിരുത്തവും അച്ഛൻ കാളന് ആഘോഷത്തിന്റെ പണം സ്വരൂപിക്കാനാവാതെ ഋതുക്കൾ മാറി മാറി വരുന്നതുമാണ് ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ആദിവാസികളുടെ തീക്ഷ്ണമായ ജീവിതാനുഭവങ്ങളും ആധുനിക യുഗത്തിന്റെ വ്യാമോഹങ്ങളും നിസ്സഹായതകളും ഹൃദയനൊമ്പരങ്ങളും മോഹങ്ങളും മോഹഭംഗങ്ങളും കുടിയേറ്റക്കാരന്റെ കടന്നു കയറ്റവും ഇതിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നു. ആധുനിക വിദ്യാഭ്യാസത്തെയും പഠനമാധ്യമങ്ങളെയും കണക്കറ്റു കശക്കുന്നുണ്ടിതിൽ. ഉപഭോഗ സംസ്കാരത്തിന്റെ വ്യാമോഹത്തിൽ വല



## ഗുഡ – പുതുമകൾ

- പാഠ്യപദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞത്,
- ഒരു സ്ക്കൂളിലെ 42 കുട്ടികളുടെ സജീവ പങ്കാളിത്തത്തിൽ നിർമ്മിക്കപ്പെട്ടത്,
- ആദിവാസി ഭാഷയിലുള്ളത്. (മലയാളികൾ മലയാള ഭാഷയും ആദിവാസികൾ അവരുടെ ലിപിയില്ലാത്ത തനതായ ഭാഷയും ഉപയോഗിക്കുന്നു),
- സാങ്കേതിക വിദഗ്ധരുടെ സഹായം ഏറ്റവും കുറഞ്ഞ് ഉപയോഗിച്ചത്,
- പ്രധാന കഥാപാത്രങ്ങളായി കുട്ടികൾ തന്നെ വേഷമിടുന്നത്,
- തീം, സ്ക്രിപ്റ്റ്, അരങ്ങ്, സംവിധാനം, ഷൂട്ടിംഗ്, അഭിനനം, എഡിറ്റിംഗ്, ഡബ്ബിംഗ് മുതലായ എല്ലാ കാര്യങ്ങളും കുട്ടികളുടെ സജീവമായ കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞത്,
- നാടൻ സംഗീത ഉപകരണങ്ങൾക്കും നാടൻ സംഗീതത്തിനും മുൻതൂക്കം നൽകിയത് എന്നിങ്ങനെ നീളുന്നു അവ.

*'സുജീവനം', എടേരം, പയ്യനെടം, പാലക്കാട്*

യുന്ന കോളേജ് വിദ്യാർത്ഥിയുടെ ജീൻസ് വാങ്ങികൊടുക്കാത്തതിന്റെ ഈർഷ്യയും സഹപാഠികൾ 1200 രൂപയുടെ ഷൂസ് ധരിക്കുമ്പോൾ 350 രൂപയുടെ ഷൂസിടേണ്ടതിന്റെ ഗതികേടും തന്മയത്വത്തോടെ അവതരിപ്പിക്കുന്നു.

ലെച്ചുവായി മങ്ക്ളുവും കാളനായി സജിയും നന്നാറുവായി ശാന്തിയും ഇതിൽ വേഷമിടുന്നു. ഇവരെല്ലാം കനവിന്റെ മക്കൾ തന്നെ. മിക്ക ആദിവാസി കഥാപാത്രങ്ങളെയും അവതരിപ്പിക്കുന്നത് ആദിവാസികൾ തന്നെയായ ഈ ചിത്രത്തിന് ആദിവാസികളുടെ ലിപിയില്ലാത്ത ഭാഷക്ക് പുറമെ പല പുതുമകളുമുണ്ട്.

യഥാർത്ഥ വിദ്യാഭ്യാസ വിചക്ഷകന് ഓരോ കുട്ടിയും ഒരു നിധിയാണ്. വിലമതിക്കാനാവാത്ത മനുഷ്യവിഭവങ്ങളുടെ നിധി. അതുകൊണ്ട് തന്നെ എത്ര ചെറിയ സ്കൂളാണെങ്കിലും അനന്ത സാധ്യതകളുള്ളതാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസത്തിന് പ്രതിരോധത്തേക്കാളും മുൻഗണനയും വിഭവങ്ങളും നൽകാൻ ഏതൊരു പുരോഗമനകാംക്ഷികളുടെ സമൂഹവും തയ്യാറാകേണ്ടതുണ്ടെന്നതിന് വ്യക്തമായ തെളിവാണീ സിനിമ.

## എസ്.പി.എൻ, ഇ.കെ.എൻ. അനുസ്മരണം

മഞ്ചേരി : "നമുക്കു നമ്മുടെ മക്കൾക്കവരുടെ മക്കൾക്കിവിടെ കഴിയേണ്ടെ?" എന്ന് തുടങ്ങി പരിസ്ഥിതി സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ഉള്ളറിഞ്ഞ്, അടിസ്ഥാന തലത്തിൽ സജീവമാക്കിയ ശാസ്ത്രസാഹിത്യ പരിഷത്ത്, വനസംരക്ഷണസമിതി തുടങ്ങി അനേകം സംഘടനകളിലൂടെ ഹരിത വിദ്യാഭ്യാസത്തിനായ് ജീവിതം സമർപ്പിച്ച എസ്. പ്രഭാകരൻ നായർ ക്രമേണ വിട്ടുപിരിഞ്ഞിട്ട് ആഗസ്റ്റ് 19 ന് ഒരു വർഷം പിന്നിടുകയാണ്.

ഇരിങ്ങാലക്കുട : ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും ജനകീയ ശാസ്ത്ര പ്രസ്ഥാനങ്ങളുടെയും സജീവ പ്രവർത്തനകരും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ അദ്ധ്യാപകനുമായിരുന്ന പ്രൊഫ: ഇ.കെ. നാരായണൻ വാഹനപകടത്തിൽ നമ്മെ വിട്ട് പിരിഞ്ഞിട്ട് ഈ ഇരുപത്തിനാലിന് ഒരു വർഷം കഴിയുകയാണ്. അദ്ധേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും ഉചിതമായ സ്മാരകം നിർമ്മിച്ചു വരുന്നു.

പരിസ്ഥിതി സാമൂഹ്യ ജനകീയ പ്രവർത്തന രംഗത്ത് നമ്മുടെ കാലത്തെ വെല്ലുവിളികളെ യഥോചിതം പ്രതികരിക്കാൻ ഇവരുടെ സ്മരണകൾ പ്രചോദനാകുമെന്നാശിക്കാം.

ഏവർക്കും CSBയുടെ ഹൃദ്യമായ
ഓണാശംസകൾ
ഈ ഓണക്കാലം കൂടുതൽ വർണ്ണാഭമാക്കാൻ ഞങ്ങൾ ഒരുക്കുന്ന ലോൺ വിഭവങ്ങൾ!
8.00%* For Housing Loans!
10.00%* For Motor Vehicle Loans!
* Conditions Apply * On diminishing balances
Now, what are you waiting for?
Catholic Syrian Bank
Website:casybank.com e-mail:csbho@md2.vsnl.net.in
CSB... Support all the way